**പതിനാലാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1787 **15.07.2016**-ൽ മറുപടിക്ക്

**വളപ്പ് എസ്.സി കോളനി, ഞാറക്കൽ സീഷോർ കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എസ്.ശർമ്മ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മുൻസർക്കാരിന്റെ കാലത്ത് തുടങ്ങിവച്ച സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച വളപ്പ് എസ്.സി കോളനി, ഞാറക്കൽ സീഷോർ കോളനി എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ദീർഘനാളായി തടസ്സപ്പെട്ടു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ വളപ്പ് - പുലയാസ് കോളനിയിലെ 92% പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. ഞാറക്കൽ സീഷോർ കോളനിയിലെ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിട്ടിരുന്നു. എന്നാൽ ഇപ്പോൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സം നിലവിലുണ്ടെങ്കിൽ വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് തടസ്സങ്ങളൊന്നും നിലവിലില്ല. |
| (സി) | പ്രസ്തുത പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ